പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1750 | 16-10-2026-ൽ മറുപടിയ്ക്ക്

**<u>മാവേലിക്കര മണ്ഡലത്തിലെ അംഗൻവാടികളുടെ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ | ശ്രീമതി ബിന്ദു കൃഷ്ണ (തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര മണ്ഡലത്തിൽ ആകെ എത്ര അംഗൻവാടികൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്നും വിശദമാക്കുമോ;

**<u>മറുപടി:</u>** മാവേലിക്കര മണ്ഡലത്തിൽ 233 അങ്കണവാടികൾ ഉള്ളതിൽ 119 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** 9 അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് രണ്ടു കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** 07.11.2025 തീയതിയിലെ സ.ഉ.(സാധാ) നം. 2722/2025/LSGD പ്രകാരം മാവേലിക്കര നിയോജക മണ്ഡലത്തിലെ വിവിധ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് രണ്ടു കോടി രൂപ അനുവദിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 9 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

**(സി)** സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണിക്കുമോ?

**<u>മറുപടി:</u>** സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതും കെട്ടിടമില്ലാത്തതുമായ 17 അങ്കണവാടികളാണ് നിലവിൽ മാവേലിക്കര മണ്ഡലത്തിൽ ഉള്ളത്. സ്വന്തമായി സ്ഥലം ലഭ്യമായ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി കെടിടനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ-ശിശുവികസന വകുപ്പ് മുഖേന കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നുണ്ട്. സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ലഭ്യമായ സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ആറ് വ്യത്യസ്ത കെട്ടിട നിർമ്മാണ പ്ലാനുകളിൽ വകുപ്പ് വിഹിതവും, തദ്ദേശസ്വയംഭരണ വകുപ്പ്/ എം.എൽ.എ. വിഹിതവും 50:50 അനുപാതത്തിൽ പാലിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകി വരുന്നു. 2026-27 സാമ്പത്തികവർഷം 39 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ജില്ലാതലത്തിൽ നിന്നും കെട്ടിട നിർമ്മാണത്തിനായി അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം- 1

| ക്രമ നമ്പർ | ഐസിഡിഎസ് പ്രോജക്ട് | പഞ്ചായത്ത് | ആകെ അങ്കണവാടികൾ | സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള അങ്കണവാടികൾ | |
|---|---|---|---|---|---|
| 1 | മാവേലിക്കര | തഴക്കര | 35 | 5 | 1,2,5,15,17 |
| 2 | | തെക്കേക്കര | 32 | 10 | 23,27,30,31,32,33,34,35,44,46 |
| 3 | | മാവേലിക്കര മുനിസിപ്പാലിറ്റി | 28 | 9 | 98,99,101,106,107,114,116,124,128 |
| 4 | ഭരണിക്കാവ് | ചുനക്കര | 22 | 14 | 32,36,40,41,42,43,44,46,47,48,49,50,51,156 |
| 5 | | നൂറനാട് | 29 | 18 | 53,57,58,59,61,62,64,65,68,69,71,72,73,74,158,159,161,162 |
| 6 | | പാലമേൽ | 30 | 23 | 75,76,77,78,79,82,83,84,85,86, 87,88,89,90,91,92,93,94,95,97, 98,99,100 |
| 7 | | താമരക്കുളം | 27 | 23 | 102,103,104,105,106,107,108,109,110,111,112,113,115,117,118,120,121,122,124,166,167,168,169 |
| 8 | | വള്ളിക്കുന്നം | 30 | 17 | 127,128,129,130,131,133,134,136,138, 140,141,143,144,145,147,149,150 |

Asa.T.[illegible]

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നമ്പർ | ഐസിഡിഎസ് പ്രോജക്ട് | പഞ്ചായത്ത് | സെ.നം. | തുക |
|---|---|---|---|---|
| 1 | ഭരണിക്കാവ് | ചുനക്കര | 32 | 22,00,000 |
| 2 | ഭരണിക്കാവ് | നൂറനാട് | 66 | 22,00,000 |
| 3 | ഭരണിക്കാവ് | പാലമേൽ | 81 | 22,00,000 |
| 4 | ഭരണിക്കാവ് | പാലമേൽ | 91 | 22,00,000 |
| 5 | ഭരണിക്കാവ് | പാലമേൽ | 96 | 23,00,000 |
| 6 | ഭരണിക്കാവ് | പാലമേൽ | 164 | 23,00,000 |
| 7 | ഭരണിക്കാവ് | വള്ളിക്കുന്നം | 142 | 22,00,000 |
| 8 | മാവേലിക്കര | തെക്കേക്കര | 47 | 22,00,000 |
| 9 | മാവേലിക്കര | തെക്കേക്കര | 49 | 22,00,000 |

Asa T. Panicker.
സെക്ഷൻ ഓഫീസർ